# നമ്മുടെ ആരാധനക്രമ ഗാന പാരമ്പര്യം

പരമ്പരാഗതമായി സി. എം. ഐ. സഭയിൽ പാടി വരുന്ന രീതികളാണ്, സുറിയാനി പാട്ടുകളുടെ കലർപ്പില്ലാത്ത രീതികളെന്നു നമ്മുടെ സഭാംഗങ്ങൾ തന്നെ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. സഹദേബ്രീകേ, ബ്രിയ്യൂഹന്നാനാ, എറവർമായ്യുമാർ മൽക്കാ, എസ്തപ്പാനോസ്, മാറൻ ആസേ, സഹദേ വൈത്തോൻ, അൽമദ്ദ ബഹ്കുദശാ, തുടങ്ങിയ രീതികളിൽ പരമ്പരാഗതമായ രീതിയിൽനിന്ന് മാററങ്ങൾ വരുന്നുണ്ട്. മായം ചേർന്ന രീതികളാണ് ഇന്ന് കാസററുകളിൽ പ്രചരിപ്പിക്കുന്നതും ജനങ്ങൾ ഇപ്പോൾ കുർബാനയുടെ പാട്ടുകൾ പാടുന്നതും.

കലർപ്പില്ലാത്ത സുറിയാനി രീതികൾ നമ്മുടെ പരിശീലന കേന്ദ്രങ്ങളിൽ പഠിപ്പിക്കുന്നതിനും ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും ബന്ധപ്പെട്ടവർ നടപടികൾ എടുത്തതു് സമുചിതമായിരിക്കും.

പരേതനായ ബ. അമോസച്ചൻ 24-4-87–ൽ ബ. അലക്സാണ്ടർ കട്ടക്കയമച്ചന് അയച്ച ഒരു കത്ത് പ്രസക്തമായി തോന്നുകയാൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു.

പത്രാധിപർ

J.m.J

ഭാരതമാതാ ആശ്രമം

പാലക്കാട്

22-4-87

*പ്രിയ ബ. കൊച്ചുചാണ്ടിയച്ചാ,*

6-4-87 ൽ എഴുതിയ എഴുത്തു 8-4-87 ൽ കിട്ടി. വളരെ ഉപകാരം.

ജർമ്മനിയിലെ 4 പഴയ യൂണിവേഴ്സിററികളിൽ ഒന്നായ Butter berg യൂണിവേഴ്സിററിയിലെ Musiology പ്രഫസറായ Dr.Housmann നമ്മുടെ കർത്താവിന്റെ സുറിയാനി പാട്ടുകളുടെ സ്വരം കിട്ടുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി ബീറൂട്ടിൽ

പോയി അവിടത്തെ മെത്രാപ്പോലീത്തായെ കണ്ടു. ബീറൂട്ട് രണ്ടു മൂന്നു ഗ്രാമങ്ങളിൽ സുറിയാനി ഇപ്പോഴും സംസാരഭാഷയാണെന്നു പറയുന്നു. ബീറൂട്ട് മെത്രാപ്പോലീത്താ Dr. Housmann- നോടു പറഞ്ഞു. ഞങ്ങളുടെ സുറിയാനിഭാഷയിൽ അറബി മുഹമ്മദീയ-യഹൂദ മിശ്രജീവിതം കൊണ്ടു പാട്ടുകളിലും,നടപടികളിലും പല മുഹമ്മദീയ രീതികളും സമിശ്രമായി വന്നുപോയിട്ടുണ്ട്. ആകയാൽ ഞങ്ങളിൽ നിന്നു സുറിയാനി പാട്ടുകളുടെ Prestine purity കിട്ടുകയില്ല. കേരളത്തിൽ മാത്രമാണു പഴയ സുറിയാനി രീതികൾ പാടിക്കൊണ്ടിരിക്കുന്നതു്. Dr.Housmann കേരളത്തിൽ ചെന്ന് കർമ്മലീത്ത സഭാ ജനറാളായിരിക്കുന്ന പെ.ബ.മാവുരുസച്ചനെ കാണുക. അദ്ദേഹം അതിനുള്ള എല്ലാ സൗകര്യവും ചെയ്തുതരും. ഇടവകവൈദികരെ സമീപിക്കരുതു്. ഇടവകവൈദികർ എല്ലായ്പോഴും പഴയ രീതികൾ പരിഷ്ക്കരിക്കുന്നവരാണ്. ചെറുപ്പക്കാരായ വൈദികരുടെ പക്കലും പോകരുതു്. സുറിയാനിപാട്ടുകളുടെ Prestine purify കിട്ടുകയില്ല.

Dr.Housmann പെ.ബ. മാവുരുസച്ചന്റെ Card- കൊണ്ടു എറണാകുളത്തു വന്നു. ബ.മാവുരുസച്ചൻ ബാങ്കളൂർക്കു പോയിരിക്കയായിരുന്നു. ഒന്നാം ദഫ്നിത്തോർ പെ.ബ.അബ്രാഹമച്ചനും ഞങ്ങളും Dr. Housmannനോട് ആലുവാസെമ്മിനാരിയിലേക്കു പോകുവാൻ പറഞ്ഞു. അദ്ദേഹത്തിനു ഇഷ്ടമായില്ല. അമ്പഴക്കാട്ടു നമ്മുടെ നൊവിസ്യാത്തിൽ ചെല്ലുവാൻ പറഞ്ഞു. ധർമ്മാരാമിൽ 10-300 പേർ ഒരുമിച്ചു പാടുന്ന സ്ഥലമാണെന്നു്. അതും അദ്ദേഹത്തിനു ഇഷ്ടപ്പെട്ടില്ല. കാരണം ചെറുപ്പക്കാർ, സന്യാസികളായാലും Innovations ഉണ്ടാക്കുന്നവരാണ്.

വയസ്സന്മാർ ആരെങ്കിലുമുണ്ടോ എന്നു Dr.Housmann. ചോദിച്ചു ഇവിടെ ഒരു ആമോസച്ചനുണ്ട്. Innovation ഇഷ്ടപ്പെടുന്ന ആളല്ല. എന്റെ പാട്ടു പാടി കേട്ടു; അദ്ദേഹത്തിനു് ഇഷ്ടമായി.

നമ്മുടെ ആഴ്ചപ്പടി നമസ്കാരത്തിന്റെ പാട്ടുകൾ മുഴുവനും പിറവിയുടെയും, മാതാവിന്റെ പെരുന്നാൾപ്പടി പാട്ടുകളും അദ്ദേഹം Tape Record-ൽ എന്നെക്കൊണ്ടു പാടിച്ചു. 35 ദിവസം എറണാകുളത്തു് ഞങ്ങളുടെ കൂടെ താമസിച്ചു. അപ്പോഴേക്കും പെ.ബ. മാവുരുസച്ചൻവന്നു.

ഇതാണു സംഭവം. ഇടവക വൈദികരുടെ കൂട്ടു നമസ്കാരം ഞാൻ St.Berchmans-ൽ വെച്ചു കേട്ടിട്ടുണ്ട്. എറണാകുളത്തു Petty സെമിനാരിയിൽ വെച്ചു കേട്ടിട്ടുണ്ട്. തൃശ്ശൂർ തോപ്പിൽ വെച്ചു അവരുടെ ആണ്ടുമുഴുവൻ ധ്യാനത്തിനു കേട്ടിട്ടുണ്ട്. ഭക്തി ജനകമായി എനിക്കു തോന്നിയിട്ടില്ല.

താമസിച്ചതിൽ ക്ഷമിക്കണം,

Fr. Amos CMI

എളിയ സഹോദരൻ